പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2206 | 11.02.2020 ൽ മറുപടിയ്ക്ക്

## അംഗപരിമിതർക്കുള്ള നിയമനം

ചോദ്യം | മറുപടി

ശ്രീ.കെ.എൻ.എ.ഖാദർ

കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) അംഗപരിമിതരുടെ നിയമനത്തിന് അനുയോജ്യമായ തസ്തികകൾ കണ്ടെത്തേണ്ടത് സർക്കാരിന്റെ ചുമതലയാണെന്ന് ഹൈക്കോടതി നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ സർക്കാർ സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കുമോ; | (എ) അംഗപരിമിതർക്ക് സർക്കാർ സർവ്വീസിൽ അനുയോജ്യമായ തസ്തികകൾ കണ്ടെത്തുന്നതിനു സർക്കാർ എക്സ്പർട്ട് കമ്മിറ്റി രൂപീകരിക്കണമെന്ന് Persons with Disabilities Act, 1995 ലും The Rights of Persons with Disabilities Act 2016 ലും വ്യവസ്ഥയുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ എക്സ്പർട്ട് കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത എക്സ്പർട്ട് കമ്മിറ്റി ആവശ്യാനുസരണം യോഗം ചേരുകയും നാളിതുവരെ ടി കമ്മിറ്റി അംഗപരിമിതർക്ക് സർക്കാർ സർവ്വീസിൽ അനുയോജ്യമായി നിരവധി തസ്തികകൾ കണ്ടെത്തി ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുമുണ്ട്. |
| (ബി) നിലവിൽ അംഗപരിമിതർക്കായി നീക്കിവക്കുന്ന തസ്തികകളുടെ പട്ടിക എത്ര വർഷത്തിലാണ് പുതുക്കുന്നതെന്ന് അറിയിക്കാമോ; ഇത് മൂന്ന് വർഷത്തിലൊരിക്കൽ പുന:പരിശോധിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; | (ബി) അംഗപരിമിതർക്ക് നീക്കി വക്കുന്ന തസ്തികകൾ മൂന്ന് വർഷത്തിലൊരിക്കൽ പുനഃപരിശോധിക്കണമെന്ന് വ്യവസ്ഥയുണ്ട്. എക്സ്പർട്ട് കമ്മിറ്റി രൂപീകരിച്ചു കൊണ്ട് പുറപ്പെടുവിച്ച ഉത്തരവിലും ഇതു സംബന്ധിച്ച മാർഗ്ഗനിർദ്ദേശം ഉൾക്കൊള്ളിച്ചിട്ടുണ്ട്. എന്നാൽ സർക്കാർ തലത്തിൽ വർഷത്തിൽ നിരവധി തവണ എക്സ്പർട്ട് കമ്മിറ്റി യോഗം കൂടുകയും പുതിയ തസ്തികകൾ കണ്ടെത്തുകയും കണ്ടെത്തിയ തസ്തികകൾ ആവശ്യമെങ്കിൽ പുനഃപരിശോധിക്കുകയും ചെയ്യാറുണ്ട്. |
| (സി) വിവിധ വിഭാഗം അംഗപരിമിതർക്ക് പ്രത്യേക പട്ടിക തയ്യാറാക്കാറുണ്ടോ; വ്യക്തമാക്കുമോ? | (സി) അംഗപരിമിതർക്ക് സർക്കാർ സർവ്വീസിൽ അനുയോജ്യമായി കണ്ടെത്തിയ തസ്തികകളുടെ വിവരങ്ങൾ ഉൾക്കൊള്ളിച്ച് കൈപ്പുസ്തകം തയ്യാറാക്കിയിട്ടുണ്ട്. |

Jasmin Thomas

സെക്ഷൻ ഓഫീസർ